**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5877** **09-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ ചെലവ് ചുരുക്കൽ നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; ആയതുപ്രകാരം ഈ സാമ്പത്തിക വർഷം എത്ര തുക ചെലവ് ചുരുക്കവാൻ സാധിച്ചുവെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണ ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള വിവിധ ഇനം ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓരോ സാമ്പത്തിക വർഷത്തിലും ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി എത്ര തുക ലാഭിച്ചുവെന്ന് കണക്കാക്കുന്നത് പ്രായോഗികമല്ല. |
| (ബി) | പ്രസ്തുത ചെലവ് ചുരുക്കൽ പ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ഏതെല്ലാം; വ്യക്തമാക്കാമോ; | (ബി) | വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യങ്ങളുടെ ഭാഗമായി നിലവിലുള്ള വ്യവസ്ഥകൾക്കും നടപടി ക്രമങ്ങൾക്കും വിധേയമായി വിദേശയാത്ര നടത്തുന്നതിന് നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | ചെലവ് ചുരുക്കൽ നിർദേശം വന്നതിനുശേഷം മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരിൽ ആർക്കെല്ലാം വിദേശയാത്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യങ്ങളുടെ ഭാഗമായി നിലവിലുള്ള വ്യവസ്ഥകൾക്കും നടപടി ക്രമങ്ങൾക്കും വിധേയമായി വിദേശയാത്ര നടത്തുന്നതിന് നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ